# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 2230** — **08.07.2015- ൽ മറുപടി.**

## വയനാട്, തിരുവനന്തപുരം, ഹരിപ്പാട് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.സി.കെ സദാശിവൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വയനാട്, തിരുവനന്തപുരം, ഹരിപ്പാട് എന്നിവിടങ്ങളിൽ പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെയും തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയും സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി തിരുവനന്തപുരത്ത് രണ്ടാമതൊരു മെഡിക്കൽ കോളേജ് സ്ഥാപിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കി അവിടെ പുതിയ നിർമ്മിതി ബി.എസ്.എൻ.എൽ-ന്റെ നേതൃത്വത്തിൽ നടക്കുന്നു. കോളേജിന്റെ ആസ്ഥാന മന്ദിരത്തിന്റെ പണിയും പുരോഗമിക്കുകയാണ്.<br>**ഹരിപ്പാട് മെഡിക്കൽ കോളേജ്:**<br>12.05.2015-ൽ ബഹു. മുഖ്യമന്ത്രി തറക്കല്ലിട്ടു. കരുവാറ്റയിൽ 25 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുക്കാൻ നടപടി തുടരുന്നു. കോളേജിന്റെ സ്ഥാപനത്തിന് ധനം സമാഹരിക്കാൻ രൂപീകരിച്ച 'ഇൻഫ്രാമെഡ്' കമ്പനി രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. കൂടാതെ സ്ഥാപിതമാകുന്ന കോളേജിന്റെ ദൈനംദിന ഭരണം നടത്തുന്നതിന് 'കിമെഡ്' എന്ന ഒരു സൊസൈറ്റി തിരു.കൊച്ചി ചാരിറ്റബിൾ ആക്ടിന്റെ പരിധിയിൽ ജില്ലാ രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. |

(ബി) ഇവ ഓരോന്നിനുമായി ഇതുവരെ അനുവദിച്ച തുകയും അതിന്റെ വിനിയോഗവും അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) ഇവ എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; എന്ന് പ്രവർത്തനം തുടങ്ങാനാവുമെന്നാണ് ഇപ്പോൾ കണക്കാക്കുന്നത്;

(സി) എത്രയും വേഗം പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇവ ഓരോന്നും ഏത് മേഖലയിലാണ് സ്ഥാപിക്കുന്നത്; നിക്ഷേപകരെ കണ്ടെത്തിയത് ഏത് നിലയിലാണ്; ഇതിനായി സർക്കാർ ലഭ്യമാക്കിയ ഭൂമി എത്ര ഏക്കർ വീതം; വിശദമാക്കാമോ?

(ഡി) തിരുവനന്തപുരം, വയനാട് മെഡിക്കൽ കോളേജുകൾ സർക്കാർ മേഖലയിലും ഹരിപ്പാട് മെഡിക്കൽ കോളേജ് പൊതു-സ്വകാര്യ പങ്കാളിത്ത (പി.പി.പി) മാതൃകയിലുമാണ് സ്ഥാപിക്കുന്നത്. ഹരിപ്പാട് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് 'ഇൻഫ്രാമെഡ്' ഷെയർ വില്പന വഴി നിക്ഷേപകരെ കണ്ടെത്തുന്നതിന് ഉദ്ദേശിക്കുന്നു. ഇതിലേക്ക് കരുവാറ്റയിൽ 25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ